സ്വാമി ശരണം

തിരുവിതാംകൂർ ദേവസ്വം ബോർഡ്

ദേവസ്വം ബോർഡ് ആസ്ഥാനം, നന്തൻകോട്, തിരുവനന്തപുരം – 695 003
വെബ് സൈറ്റ്: www.travancoredevaswomboard.org,

ചീഫ് എഞ്ചിനീയർ ആഫീസ്,
തിരുവനന്തപുരം,
30.10.2026.

നം. CE/Estt/GL/2026/1350

കൊല്ലവർഷം 1202 (2026–27) ലെ മണ്ഡല–മകരവിളക്ക് മഹോത്സവത്തോട് അനുബന്ധിച്ച് ശബരിമലയിൽ വണ്ടിപെരിയാർ സത്രം, ചെങ്ങന്നൂർ, നിലയ്ക്കൽ, എരുമേലി എന്നിവിടങ്ങളിൽ, ശബരിമല തീർത്ഥാടനത്തിലേയ്ക്ക് സ്പോട്ട് ബുക്കിംഗ് നടത്തുന്നതിനായി കമ്പ്യൂട്ടർ മേഖലയിൽ പ്രവൃത്തി പരിചയമുള്ളതും, ദിവസ വേതനാടിസ്ഥാനത്തിൽ സേവനം അനുഷ്ഠിയ്ക്കാൻ താത്പര്യമുള്ളതുമായ 18–നും 55–നും മദ്ധ്യേ പ്രായമുള്ള പുരുഷന്മാരിൽ നിന്നും അപേക്ഷ ക്ഷണിയ്ക്കുന്നു.

കൂടാതെ ആറു മാസത്തിനകം എടുത്തിട്ടുള്ള പാസ്പോർട്ട് സൈസ്സ് ഫോട്ടോ, ക്രിമിനൽ കേസ്സുകളിൽ ഉൾപ്പെട്ടിട്ടില്ല എന്നു തെളിയിക്കുന്നതിന് സ്ഥലത്തെ സബ് ഇൻസ്പെക്ടർ റാങ്കിൽ കുറയാത്ത പോലീസ് ഉദ്യോഗസ്ഥന്റെ സർട്ടിഫിക്കറ്റ്, വയസ്സ്, മതം എന്നിവ തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ്, ആധാർ കാർഡിന്റെ പകർപ്പ്, മൊബൈൽ/ഫോൺ നമ്പർ, മെഡിക്കൽ ഫിറ്റ്നെസ്സ് സർട്ടിഫിക്കറ്റ്, പൂർണമായ മേൽവിലാസം, ബാങ്ക് അക്കൗണ്ട് വിവരങ്ങൾ എന്നിവ സഹിതം നിശ്ചിത മാതൃകയിൽ 10 രൂപയുടെ ദേവസ്വം സ്റ്റാമ്പ് ഒട്ടിച്ച് തയ്യാറാക്കിയ അപേക്ഷകൾ **06.11.2026** വൈകുന്നേരം **5 മണിയ്ക്ക് മുമ്പ് ചീഫ് എഞ്ചിനീയർ, തിരുവിതാംകൂർ ദേവസ്വം ബോർഡ്, നന്തൻകോട്, തിരുവനന്തപുരം – 695003** എന്ന മേൽവിലാസത്തിൽ ലഭ്യമാക്കേണ്ടതാണ്.

അപേക്ഷാ ഫോറത്തിന്റെ മാതൃക തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ **www.travancoredevaswomboard.org** എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ടി മാതൃകയിൽ അപേക്ഷ തയ്യാറാക്കി, പോലീസ് വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ്, മെഡിക്കൽ സർട്ടിഫിക്കറ്റ് എന്നിവയുടെ ഒറിജിനലും മറ്റു സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ ശരിപകർപ്പുകളും സഹിതം ഹാജരാക്കേണ്ടതാണ്.

Sd/-
ചീഫ് എഞ്ചിനീയർ

Copy to: 1. The Secretary, Travancore Devaswom Board for information
2. The Devaswom Commissioner, Travancore Devaswom Board for information
3. The Superintendent of Police, Vigilance and Security for favour information
4. The Executive Officer, Sabarimala, for information
5. The Public information officer for information
6. The EDP cell for uploading in Travancore Devaswom Board website
7. Section File

A.

സ്വാമി ശരണം

തിരുവിതാംകൂർ ദേവസ്വം ബോർഡ്

ദേവസ്വം ബോർഡ് ആസ്ഥാനം, നന്തൻകോട്, തിരുവനന്തപുരം – 695 003
വെബ് സൈറ്റ്: www.travancoredevaswomboard.org,

ചീഫ് എഞ്ചിനീയർ ആഫീസ്,
തിരുവനന്തപുരം,
30.10.2026.

നം. CE/Estt/GL/2026/ 130

സംസ്ഥാനതല പ്രസിദ്ധീകരണത്തിന്

2026–27 ശബരിമല തീർത്ഥാടാന മഹോത്സവത്തോടനുബന്ധിച്ച്, വണ്ടിപെരിയാർ സത്രം, ചെങ്ങന്നൂർ, നിലയ്ക്കൽ, എരുമേലി എന്നിവിടങ്ങളിൽ, ശബരിമല തീർത്ഥാടനത്തിലേയ്ക്ക് സ്പോട്ട് ബുക്കിംഗ് നടത്തുന്നതിനായി കമ്പ്യൂട്ടർ മേഖലയിൽ പ്രവൃത്തി പരിചയമുള്ളതും, ദിവസ വേതനാടിസ്ഥാനത്തിൽ സേവനം അനുഷ്ഠിയ്ക്കാൻ താത്പര്യമുള്ളതുമായ 18–നും 55–നും മദ്ധ്യേ പ്രായമുള്ള പുരുഷന്മാരിൽ നിന്നും അപേക്ഷ ക്ഷണിയ്ക്കുന്നു. ഇത് സംബന്ധിച്ചുള്ള വിശദ വിവരങ്ങൾ തിരുവിതാംകൂർ ദേവസ്വം ബോർഡ് വെബ്സൈറ്റിൽ (www.travancoredevaswomboard.org) ലഭ്യമാണ്. അപേക്ഷ സ്വീകരിയ്ക്കുന്ന അവസാന തീയതി 06.11.2026 വൈകുന്നേരം 5 മണി.

ചീഫ് എഞ്ചിനീയർ

അ.

സ്വാമി ശരണം

ശബരിമല ദേവസ്വം 1202 എം.ഇ.(2026-27) മണ്ഡലം മകരവിളക്ക് മഹോത്സവം സ്പോട്ട് ബുക്കിംഗ് നടത്തുന്നതിന് കമ്പ്യൂട്ടർ മേഖലയിൽ പ്രവൃത്തി പരിചയമുള്ള ഉദ്യോഗാർത്ഥികൾക്ക് ദിവസവേതനാടിസ്ഥാനത്തിൽ ജോലി ലഭിക്കുന്നതിനുള്ള

അപേക്ഷാ ഫാറം

1.	പേര്	
2.	വയസ്സ്, ജനന തീയതി	
3.	മതം	
4.	മേൽവിലാസം	
5.	മൊബൈൽ/ ഫോൺ നമ്പർ വാട്ട്സ് ആപ്പ് നമ്പർ ഉണ്ടെങ്കിൽ അത്	
6.	പിതാവിന്റെ/മാതാവിന്റെ പേര്	
7.	പിതാവിന്റെ/ മാതാവിന്റെ/ ഭാര്യയുടെ പേരും, മേൽ വിലാസവും ഫോൺ നമ്പരും	
8.	അപേക്ഷകൻ ഏതെങ്കിലും വിധത്തിലുള്ള ക്രിമിനൽ കേസുകളിൽ പ്രതിയായിട്ടുണ്ടോ ? ഉണ്ടെങ്കിൽ വിശദീകരണം	
9.	ആധാർ നമ്പർ	
10.	ബാങ്ക് അക്കൗണ്ട് നമ്പർ, IFSC code ബാങ്കിന്റെയും, ബ്രാഞ്ചിന്റെയും പേര്	
11.	മെഡിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റിന്റെ വിവരം	
12.	പൊലീസ് വെരിഫിക്കേഷൻ സർട്ടിഫിക്കറ്റിന്റെ വിവരം	
13.	മുമ്പ് ശബരിമലയിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി നോക്കിയിട്ടുണ്ടോ ? ഉണ്ടെങ്കിൽ ആയതിന്റെ കാലയളവ്. ഏതൊക്കെ പോയിന്റിൽ ജോലി നോക്കി എന്നതു സംബന്ധിച്ച വിവരം	
14.	മുമ്പ് സേവന കാലയളവിൽ ഏതെങ്കിലും വിധത്തിലുള്ള ശിക്ഷണ നടപടികൾക്ക് വിധേയനായിട്ടുണ്ടോ ? ഉണ്ടെങ്കിൽ ആയതിന്റെ വിശദ വിവരം	

മേൽ വിവിരിച്ചിട്ടുള്ള വിവരങ്ങൾ പൂർണ്ണമായും സത്യസന്ധമാണെന്ന് ഇതിനാൽ ബോധിപ്പിക്കുന്നു. ആയതിൽ ഏതെങ്കിലും തരത്തിലുള്ള തെറ്റായ വിവരങ്ങൾ ചേർത്തിട്ടുള്ളതായി അധികാരികൾക്ക് ബോദ്ധ്യപ്പെടുന്ന പക്ഷം എനിക്കെതിരെ എന്തു മേൽ നടപടികൾ സ്വീകരിക്കുന്നതിനും ഇതിനാൽ ഞാൻ സമ്മതിച്ചു കൊള്ളുന്നു.

സ്ഥലം :
തീയതി:

അപേക്ഷകന്റെ പേരും, ഒപ്പും